"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2012/2025/LSGD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.03.2012-ലെ E12-(SC9/11/NRK) 157/2012നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 02.06.2012-ലെ 4189/D1/2012/Vig നമ്പർ കത്ത്.
3. 22.07.2014-ലെ 47759/EW2/12/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറ സമർപ്പിച്ച 19.09.2014-ലെ പ്രതിവാദപത്രിക
5. ചീഫ് എഞ്ചിനീയറുടെ 06.01.2022-ലെ ഇ10/8692/ 2012/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റി ജീവനക്കാർക്കെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റ് കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ 28.7.2011-ൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരാതിക്കാരന്റെ മകൾ ജിഷയുടെ കെട്ടിടനിർമ്മാണ അപേക്ഷ കൈക്കൂലി നൽകാത്തതിന്റെ പേരിൽ അകാരണമായി താമസിപ്പിച്ചു എന്നുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത അപേക്ഷയിന്മേൽ കൊയിലാണ്ടി മുനിസിപ്പൽ എഞ്ചിനീയർ ഒരു മാസത്തിൽ കൂടുതലായി റിപ്പോർട്ട് നൽകാതെ കാലതാമസം വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. 01.04.2009-ൽ സമർപ്പിച്ച അപേക്ഷ 22.06.2009-ൽ മുനിസിപ്പൽ എഞ്ചിനീയർ നിരസിച്ചു എന്നാണ് കണ്ടെത്തൽ. ആയതിന് കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. ശ്രീധരൻ വെളിയാറ ഉത്തരവാദിയാണെന്ന് വിജിലൻസ് കണ്ടെത്തുകയുണ്ടായി

2. കുറ്റാരോപിതനായ മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കണമെന്ന പരാമർശം (1) വിജിലൻസ് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 30.11.2012-ൽ സർവീസിൽ നിന്നും വിരമിച്ച ടിയാൾക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(b) പ്രകാരം പരാമർശം (3) കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ശ്രീമതി ജിഷ, ബിൽഡിംഗ് പെർമിറ്റിനായി 01.04.2009-ൽ സമർപ്പിച്ച അപേക്ഷ പ്രസ്തുത പ്ലോട്ട് നഞ്ചതരമാണെന്ന കാരണത്താൽ 22.06.2009-ൽ നിരസിച്ചു എന്നും മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. ശ്രീധരൻ വെളിയാറ ടി അപ്ലിക്കേഷനിൽ റിപ്പോർട്ട് നൽകുവാൻ ഒരു മാസം താമസിച്ചു എന്നുമാണ് കാരണം കാണിക്കൽ നോട്ടീസ് പ്രകാരം ടിയാളിൽ ആരോപിച്ചിരിക്കുന്ന കുറ്റം.

3. റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, ടിയാൾ പരാമർശകാലയളവിൽ കൊയിലാണ്ടി നഗരസഭയിൽ ജോലി ചെയ്തിരുന്നില്ല എന്നും 14-06-2010-ലാണ് കൊയിലാണ്ടി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറായി ചുമതല ഏറ്റതെന്നും 2009-10 വർഷത്തിൽ ടിയാൾ കോഴിക്കോട് കോർപറേഷനിലായിരുന്നു ജോലി ചെയ്തിരുന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരമുള്ള ചീഫ് എൻജിനീയറുടെ അഭിപ്രായകുറിപ്പിൽ ശ്രീ. ശ്രീധരൻ വെളിയാറ, മുനിസിപ്പൽ എഞ്ചിനിയറായി കൊയിലാണ്ടി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്നത് 14.06.2010 മുതൽ 06.02.2012 വരെയുള്ള കാലഘട്ടത്തിലാണെന്നും പരാതിക്കാരിയായ ശ്രീമതി ജിഷ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിച്ചത് 01.04.2009-നും ടി അപേക്ഷ സെക്രട്ടറി നിരസിച്ചത് 22.06.2009-നുമാണെന്നും ആയതിനാൽ മേല്പറഞ്ഞ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയുമായി റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറയ്ക്ക് യാതൊരു ബന്ധവും ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കുറ്റാരോപിതന്റെ പ്രതിവാദപത്രിക, ചീഫ് എൻജിനീയറുടെ അഭിപ്രായക്കുറിപ്പ് എന്നിവ പരിശോധിച്ചതിൽ, ശ്രീ. ശ്രീധരൻ വെളിയാറ, അപേക്ഷ നിരസിയ്ക്കപ്പെട്ട 01.04.2009 മുതൽ 22.06.2009 വരെയുള്ള കാലയളവിൽ കൊയിലാണ്ടി നഗരസഭയിൽ ജോലി ചെയ്തിരുന്നില്ല എന്ന് വ്യക്തമാകുന്നു. 01.04.2009-ൽ സമർപ്പിച്ച അപേക്ഷ, പ്രസ്തുത പ്ലോട്ട് നഞ്ചതരമാണെന്ന കാരണത്താൽ 22.06.2009-ൽ നിരസിച്ചു എന്നും മുനിസിപ്പൽ എഞ്ചിനീയർ ടി അപ്ലിക്കേഷനിൽ റിപ്പോർട്ട് നൽകുവാൻ ഒരു മാസം താമസിച്ചു എന്നുമുള്ള കുറ്റത്തിന് റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറ ഉത്തരവാദിയല്ല എന്ന് കാണുന്നു.

5. മേൽസാഹചര്യത്തിൽ, കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലെ വിജിലൻസ് മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ റിട്ട. മുൻസിപ്പൽ എൻജിനീയർ ശ്രീ. ശ്രീധരൻ വെളിയാറക്കെതിരെ, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(b) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ. ശ്രീധരൻ വെളിയാറ, റിട്ട. മുൻസിപ്പൽ എൻജിനീയർ, ശ്രീപാർവ്വതി, മാനാരി പറമ്പ്, ഗോവിന്ദപുരം പി.ഒ., കോഴിക്കോട്-673016 **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (അറിവിലേക്കായി)
5. വിജിലൻസ് (ഡി) വകുപ്പ് (11.02.2023-ലെ VIG-D1/119/2022-VIG പ്രകാരം)
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ (EW2/114/2019-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 14-08-2025 17:22:21**

സെക്ഷൻ ഓഫീസർ